<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2604**</u> <u>**14-09-2023 - ൽ മറുപടിയ്ക്ക്**</u>

<u>**മൊകേരി ഗവ.കോളേജിലെ കിഫ്ബി പദ്ധതികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മൊകേരി ഗവ. കോളേജിൽ കിഫ്ബി വഴി നടന്നു വരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (എ) | സർക്കാർ പുറപ്പെടുവിച്ച 27-03-2018-ലെ സ.ഉ (സാധാ) നം.603/2018/ഉ.വി.വ നമ്പർ ഭരണാനുമതി ഉത്തരവ് പ്രകാരം മൊകേരി സർക്കാർ കോളേജിൽ ലൈബ്രറി ബ്ലോക്ക്, ലേഡീസ് ഹോസ്റ്റൽ ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായിരുന്ന കൈറ്റ് സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച ശേഷം 04-02-2019-ലെ ധനാനുമതി ഉത്തരവ് പ്രകാരം ടി പദ്ധതിക്കായി 6.99 കോടി രൂപ അനുവദിക്കുകയും ചെയ്തു. 19-06-2019-ലെ സ.ഉ (കൈ) നം.173/2019/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായി കിറ്റ് കോ-യെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന്, കെ.എം.ബി.ആർ, ഡിസൈനിൽ ഉണ്ടായ വ്യതിയാനം, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ പ്രകാരം പുതുക്കിയ ധനാനുമതിക്കായി പദ്ധതി നിർവ്വഹണ ഏജൻസി ശിപാർശ സമർപ്പിക്കുകയും ആയത് പരിശോധിച്ച ശേഷം ടി പദ്ധതിക്കായി 7.699 കോടി രൂപ അനുവദിക്കുകയും ചെയ്തു.<br><br>ടി പദ്ധതി നടപ്പാക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയും കരാറുകാരനായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും തമ്മിൽ 24-09-2020-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അതനുസരിച്ച്, ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം നിലവിൽ അവസാന ഘട്ടത്തിലാണ്. എന്നാൽ, ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കിഫ്ബിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെയും ശരിയായ രീതിയിൽ മണ്ണുപരിശോധന നടത്താതെയുമാണ് പൈലിംഗ് വർക്കുമായി പദ്ധതി നിർവ്വഹണ ഏജൻസി മുന്നോട്ടു പോയത്. ആയതിനാൽ, ത്രികക്ഷിക്കരാറിലെ 12-ാം വകുപ്പ പ്രകാരം പദ്ധതിയുടെ ഡിസൈനുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | രേഖകൾ സമർപ്പിക്കുന്നതുവരെ ഫൌണ്ടേഷൻ വർക്ക് നിർത്തിവയ്ക്കുവാൻ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബി ആവശ്യപ്പെട്ട രേഖകൾ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം, ആയതിന് അംഗീകാരം നൽകുന്ന മുറയ്ക്ക് ഹോസ്റ്റൽ പ്രവൃത്തിയുമായി പദ്ധതി നിർവ്വഹണ ഏജൻസിക്ക് മുന്നോട്ട് പോകാവുന്നതും യഥാസമയം പദ്ധതി പൂർത്തീകരിക്കാവുന്നതുമാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ? | (ബി) | മൊകേരി ഗവ. കോളേജിലെ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം നിലവിൽ അവസാന ഘട്ടത്തിലായതിനാൽ, ആയത് പൂർത്തീകരിക്കാൻ നിലവിൽ തടസ്സങ്ങളൊന്നുമില്ല. എന്നാൽ, ഹോസ്റ്റൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കിഫ്ബി ആവശ്യപ്പെട്ട രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിലവിലെ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി അംഗീകാരം നൽകാവുന്നതും ടി പദ്ധതിയുമായി പദ്ധതി നിർവ്വഹണ ഏജൻസിക്ക് മുന്നോട്ട് പോകാവുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**